# കുഞ്ഞിപ്പാട്ടുകൾ

സമാഹരണം

സത്യൻ കല്ലുരുട്ടി

## ഒന്നെന്നു പറയുമ്പോൾ

ഒന്നെന്നു പറയുമ്പോൾ
ഒന്നിച്ചു നിൽക്കണം
രണ്ടെന്നു പറയുമ്പോൾ
കൈ രണ്ടും പൊക്കണം
മൂന്നെന്നു പറയുമ്പോൾ
മൂക്കു പിടിക്കണം
നാലെന്നു പറയുമ്പോൾ
നാണിച്ചു നിൽക്കണം
അഞ്ചെന്നു പറയുമ്പോൾ
ബെഞ്ചിലിരിക്കണം
ആറെന്നു പറയുമ്പോൾ
ആടിക്കുഴയണം
ഏഴെന്നു പറയുമ്പോൾ
എഴുന്നേറ്റ് നിൽക്കണം
എട്ടെന്നു പറയുമ്പോൾ
പെട്ടെന്നിരിക്കണം
ഒമ്പതെന്നു പറയുമ്പോൾ
ഒന്നിച്ചു നിൽക്കണം
പത്തെന്നു പറയുമ്പോൾ
പൊട്ടിച്ചിരിക്കണം

## നെല്ല് കൊയ്യെട

നെല്ല് കൊയ്യെട കോരാ

എനക്ക് വയ്യെൻറമ്മേ....
നെല്ല് കുത്തെട കോരാ
എനക്ക് വയ്യെൻറമ്മേ....

കഞ്ഞി വെക്കെട കോരാ
എനക്ക് വയ്യെൻറമ്മേ....
കഞ്ഞി കുടിക്കെട കോരാ
അങ്ങനെ പറയെൻറമ്മേ !

## കുട്ടിപ്പരുന്തേ....

കുട്ടിപ്പരുന്തേ.... കുട്ടിപ്പരുന്തേ...
കുഞ്ഞിനേം തട്ടീങ്ങു പോ പരുന്തേ
കുഞ്ഞിപ്പശുവേ.... കുഞ്ഞിപ്പശുവേ....
കുഞ്ഞിനു പാലുകൊണ്ടാ പശുവേ !
താലോലം കുട്ടീ... താലോലം കുട്ടീ...
താലത്തിൽ പാലുകുടിച്ചോ കുട്ടി ?
കുട്ടികളിച്ചോ കുട്ടികളിച്ചോ
കുട്ടൻ പുറത്ത് എറിക്കളിച്ചോ
താലോലം കുട്ടീ... താലോലം കുട്ടീ...
തായാരെ പാലുകുടിച്ച കുട്ടി

## ഒന്നു മുതൽ പത്തു വരെ

ഒന്നും ഒന്നും രണ്ടല്ലെ
മനുഷ്യനു കണ്ണുകൾ രണ്ടല്ലെ !
രണ്ടും ഒന്നും മൂന്നല്ലേ
തേങ്ങയ്ക്ക് കണ്ണുകൾ മൂന്നല്ലേ !
മൂന്നും ഒന്നും നാലല്ലേ
മേശക്ക് കാലുകൾ നാലല്ലേ !
നാലും ഒന്നും അഞ്ചല്ലേ
പഞ്ചപാണ്ഢവർ അഞ്ചല്ലേ !
അഞ്ചും ഒന്നും ആറല്ലേ

ഈച്ചക്ക് കാലുകൾ ആറല്ലേ!
ആറും ഒന്നും ഏഴല്ലേ
ആഴ്ചക്ക് ദിവസങ്ങൾ ഏഴല്ലേ!
ഏഴും ഒന്നും എട്ടല്ലേ
ചിലന്തിക്ക് കാലുകൾ എട്ടല്ലേ!
എട്ടും ഒന്നും ഒമ്പതല്ലേ
നവരത്നങ്ങൾ ഒമ്പതല്ലേ!
ഒമ്പതും ഒന്നും പത്തല്ലേ
ഇരുകൈ വിരലുകൾ പത്തല്ലേ!

## ചക്കിപ്പരുന്തേ, കീയോ...കീയോ

ചക്കിപ്പരുന്തേ
കീയോ......കീയോ.....
നീയെൻറെ മക്കളെ
കീയോ......കീയോ.....
തീകൊണ്ടു കുത്തീലേ
കീയോ......കീയോ.....
നേരം വെളുത്തോട്ടെ
കീയോ......കീയോ.....
ഞാനും കുത്ത്യേക്കാം
കീയോ......കീയോ.....

## മംഗലം

ഉറുമ്പോ ഉറുമ്പോ
ചോണനുറുമ്പോ
ഉറുമ്പിൻറെ മംഗലം,
ചോണനുറുമ്പിൻറെ
കാതു കുത്തും മംഗലോം.

മംഗലത്തിൻറെന്ന്
ചക്കയും കലവും
അടുപ്പും കുണ്ടില്
തക്കിട തരികിട തൈ !

## ഉറുമ്പോ ഉറുമ്പോ

ഉറുമ്പോ ഉറുമ്പോ ഇട്ടുപ്രാച്ചി
ഉറുമ്പിൻറെ മടേലെന്തു വീണു ?
ചക്കവീണു
ചക്കയെന്ത്യേ ?
കള്ളൻ കട്ടു
കള്ളനെന്ത്യേ ?
കാട്ടിക്കേറി
കാടെന്ത്യേ ?
വെട്ടിച്ചുട്ടു
ചാരമെന്ത്യേ ?
കിണ്ണം തേച്ചു
കിണ്ണമെന്ത്യേ ?
കൊളത്തീപ്പോയി
കൊളമെന്ത്യേ ?
വെട്ടി മൂടി
മൂടിയിട്ടെന്തു മുളച്ചു ?
പുല്ലുമുളച്ചു
പുല്ലെന്ത്യേ ?
പശു തിന്നു
പശുവെന്ത്യേ ?
മുതല പിടിച്ചു
മുതലയെന്ത്യേ ?

തല്ലിക്കൊന്നു
ശവമെന്ത്യേ ?
ഉറുമ്പരിച്ചു
ഉറുമ്പെന്ത്യേ ?
ഇതാ പോണു
ഇതാ പോണേ !

## കൊക്കൊടിഞ്ഞുപോയി

കൊച്ചു കുഞ്ഞിൻറച്ഛനൊരു
കച്ചവാങ്ങാൻ പോയി
കൊച്ചിയിലെ കൊച്ചഴിയിൽ
തോണി മുങ്ങിപ്പോയി
കണ്ടിരുന്ന ചെമ്പരുന്ത്
റാഞ്ചിക്കൊണ്ടു പോയി
തെക്കുതെക്കൊരു തൈമടലിൽ
കൊണ്ടു ചെന്നു വച്ചു
കൊത്തിക്കൊത്തി തിന്നാൻ നേരം
കൊക്കൊടിഞ്ഞു പോയി !

## അമ്മ അച്ഛൻ

വാവാവോ.....കുഞ്ഞൻ വാവാവോ....
വാവാവോ.....കുഞ്ഞൻ വാവാവോ....
കുഞ്ഞൻ്റെ അമ്മേണ്ട് പാലിനു പോയിക്ക്
പാലില്ലാക്കുന്നത്ത് പാലിനു പോയിക്ക്
പാലുകൊണ്ടമ്മ മടങ്ങി വരുന്നേരം
കൊമ്പില്ലാത്തിച്ചൂച്ചി കുത്ത്യോന്നറിയില്ല
പല്ലില്ലാപ്പട്ടി കടിച്ചോന്നറിയില്ല
അമ്മ വരുംവരെ ഞാനമ്മ കുഞ്ഞൻ്റെ

അച്ഛൻ വരുംവരെ ഞാനച്ഛൻ
കുഞ്ഞൻറെ..........

**കേശവൻറെ ദോശ**

കേശവാ നിനക്ക്
ദോശതിന്നാനാശയുണ്ടെങ്കിൽ
ആശാൻറെ കീശേന്ന്
കാശെടുത്ത് ദോശ വാങ്ങി
ആശ തീർക്ക് കേശവാ !

**അക്കരോന്നമ്മാവൻ**

അക്കരോന്നമ്മാവൻ ചെല്ലൂട്ടിക്കി
കൊത്തങ്കല്ലാടി പഠിക്കാൻ
ഇക്കരോന്നമ്മായി ചെല്ലൂട്ടിക്കി
കുറ്റിച്ചൂലെടുത്ത് മിറ്റമടിക്കാൻ !

**വിത്തും കൈകോട്ടും**

വിത്തും കൈകോട്ടും
അച്ഛൻ കൊമ്പത്ത്
അമ്മ വരമ്പത്ത്
കള്ളൻ ചക്കേട്ടു
കണ്ടാമിണ്ടണ്ട
കൊണ്ടോയ് തിന്നോട്ടെ , ചക്കയ്ക്കുപ്പില്ല !

**ഒന്നാനാം കൊച്ചുതുമ്പി**

ഒന്നാനാം കൊച്ചുതുമ്പി
എൻറെ കൂടെപ്പോരുമോ നീ

നിൻറെ കൂടെ പോന്നാലോ
എന്തെല്ലാം തരുമെനിക്ക്
കുളിപ്പാനായ് കുളം തരുവേൻ
കളിപ്പാനായ് കളം തരുവേൻ
ഇട്ടിരിപ്പാൻ പൊൻപലക
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ വെള്ളിക്കിണ്ടി
കൈ തോർത്താൻ പുള്ളിപ്പട്ട് !

## ഇലകൾ പച്ച

നാരങ്ങപ്പാല് ചൂണ്ടക്കു രണ്ട്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടിവരുമ്പോൾ കള്ളനെ പിടിക്കാം
അടിക്കാം പിടിക്കാം കള്ളനെ പിടിക്കാം

## ഇതിലേം പോയ്

അപ്പോം ചുട്ട്
അടേം ചുട്ട്
എലേം വാട്ടി
പൊതിഞ്ഞും കെട്ടി
പടീം കടന്ന്
അമ്മാത്തേക്ക്
വഴീം ചോയ്ച്ച്
അതിലേം പോയ്
ഇതിലേം പോയ്
അവിടെക്കല്ല്
ഇവിടെ മുള്ള്
അവിടെ നായ

ഇവിടെ കുറുക്കൻ
എങ്ങോട്ടുപോകണം
കിളി....കിളി....ഇക്കിളി
കിക്കിളി.......കിളി....കിളി....

## അരിപ്പോ തിരിപ്പോ

അരിപ്പോ തിരിപ്പോ
തോരണി മംഗലം
പന്ത്രണ്ടാനേം കുതിരേം
ചെക്കിട്ട മുരിക്കിൻമേൽ
എന്തു പൂ
മുരിക്കും പൂ
മുരിക്കും ചെരിക്കില് കെടന്നോളേ
അഞ്ഞായെണ്ണ കുടിച്ചോളേ
അക്കരയുള്ളൊരു മാടപ്രാവിൻറെ
കയ്യോ കാലോ
കൊത്തി ചെത്തി മടം കാട്ട്

## ഇത്തിരിപ്പൂവേ

ഇത്തിരിപ്പൂവേ ചുവന്നപൂവേ
ഇത്തറനാളും നീ എങ്ങുപോയി?
മണ്ണിനടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതുനന്നായി, തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വൈരം
കാറ്റടിച്ചോമനേ, വീണിടൊല്ലേ......
ചെമ്മേറുമീയുടുപ്പാരു തന്നു?........
ചെമ്മേ വന്നുമ്മവെയ്ക്കാനേ തോന്നൂ!

## വിശപ്പിൻറെ പാട്ട്

പയിക്കിന്നോനേ കോമാ
മലയിണ്ടമ്മേ ചെത്ത്ന്ന്
പയിക്കിന്നോനേ കോമാ
വിത്ത്ണ്ടമ്മേ വാള്ന്ന്
പയിക്കിന്നോനേ കോമാ
വിത്ത്ണ്ടമ്മേ മുളയ്ക്ക്ന്ന്
പയിക്കിന്നോനേ കോമാ
നെല്ല്ണ്ടമ്മേക്കൊയ്യ്ന്ന്
പയിക്കിന്നോനേ കോമാ
നെല്ല്ണ്ടമ്മേ വെയിലത്ത്
പയിക്കിന്നോനേ കോമാ
നെല്ല്ണ്ടമ്മേ കുത്ത്ന്ന്
പയിക്കിന്നോനേ കോമാ
അരിയിണ്ടമ്മേ അട്പ്പത്ത് !

(വിശക്കുന്നവൻറെ പാട്ട്.ഒരു നേരത്തെ ഭക്ഷണം മോഹിച്ച് മോഹിച്ച് ഒടുവിൽ കോമൻറെ അമ്മ മരിക്കുന്നു.)

**കത്തി നല്ല കത്തി**

ആരാൻറെ കത്തി
എന്നെ വന്നു കൊത്തി
ഞാനൊരു തട്ട്
കത്തി രണ്ടു കണ്ടം
കത്തി കൊല്ലൻ കൊണ്ടോയ്
തട്ടി മുട്ടി മിനുക്കി
പുതുപുത്തൻ കത്തി
കത്തി നല്ല കത്തി

**താലോലം കിളി**

ഒന്നാം മലകേറി
ചെന്നപ്പോഴെ കിളി
ഒന്നര വട്ടക തേനെടുത്തേ
തേനെടുത്താം കിളി
കതിരെടുത്താം കിളി
തേനും കൊണ്ടക്കിളി താലോലം
തങ്കത്തി തറുകത്തി തറുകത്തി
താലോലം കിളി
താലോലം കിളി താലോലം.

**നെല്ല് കുത്ത് മോളേ....**

നെല്ലു കുത്തെൻറെ നോളെ
നടുവ് കഴയ്ക്കുന്നെൻറമ്മേ
അരിയൊന്നിടിക്കെൻറമ്മേ
കയ്യ് കഴയ്ക്കുമെൻറെമ്മേ
തീയൊന്ന് നീക്കെൻറെ മോളേ
തീപ്പൊരി തെറിക്കുമെൻറമ്മേ
പലഹാരം തിന്നെൻറെ മോളെ
എന്തൊരു രുചിയാണെൻറമ്മേ

**എറുമ്പേ.....എറുമ്പേ....**

എറുമ്പേ എറുമ്പേ എങ്ങോട്ടാ ?
പാലം കടന്നു പടിഞ്ഞാട്ട്
എപ്പൊ വരും ?
ഇപ്പൊ വരും
ഏതിലേ ഏതിലേ

ഇതിലേ ഇതിലേ ......
കിളി കിളി കിളി കിളി
കിക്കിളി കിളി കിളി

**അക്കുത്തിക്കുത്ത്**

അക്കുത്തിക്കുത്താന വരമ്പ
ത്തച്ഛൻ കൊമ്പ
ത്തമ്മ വരമ്പത്ത
ക്കരെ നിൽക്കണ
വെള്ളക്കൊരങ്ങിൻറെ
കയ്യോ കാലോ രണ്ടാലൊന്ന്
കുത്തിയൊടിച്ച് പോട്ടെ !

**ബസ്സിൽ**

ആറാം നമ്പർ ബസ്സിൽ കേറി
ബസ്സ് നിറയെ പാമ്പ്
പാമ്പിനെ കൊല്ലാൻ വടിക്കുപോയി
വടി നിറയെ ചോര
ചോര കഴുകാൻ കുളത്തിൽ പോയി
കുളം നിറയെ മീൻ
മീനിനെ പിടിക്കാൻ വലയ്ക്ക് പോയി
വല നിറയെ ഓട്ട
ഓട്ട തുന്നാൻ സൂചിക്ക് പോയി
സൂചി രണ്ട് കഷ്ണം

**കീരി കീരി കിണ്ണം താ**

കീരി കീരി കിണ്ണം താ
കിണ്ണത്തിലിട്ട് കുലുക്കിത്താ

കല്ലും മുള്ളും പെറുക്കിത്താ
കഞ്ഞി പിലായില കുത്തിത്താ
കല്ലായ് പാലം കടത്തിത്താ

## നാളേ ചെല്ലാൻ പറഞ്ഞൂട്ട്

കാക്കേ കാക്കേ നിൻറെ കാലേലെന്ത് ?
വെട്ടൂരത്തമ്പുരാൻ വെട്ടൂട്ട്
നാഴിലെണ്ണയും തന്നൂട്ട്
ഒരു മുറിത്തേങ്ങയും തന്നൂട്ട്
ഒരു നാഴ്യരിയും തന്നൂട്ട്
നാളേം ചെല്ലാൻ പറഞ്ഞൂട്ട്........

## അഞ്ചാളാ തഞ്ചത്തിൽ

പ്രീതിയുള്ള ബാലരേ
ഗീതമൊന്നു പാടുവിൽ
ചേലിൽ നേരെ നോക്കുവിൻ
മേലോട്ടൊന്നു തുള്ളുവിൻ
ആരാണാ പോകുന്നേ
മാരാർമാരല്ലയോ
അമ്പലത്തിൽ കൊട്ടുവാൻ
ഇമ്പമോടെ പോകുന്നു
ചെന്നെത്തി ചെന്നെത്തി
പിന്നെയെന്തു ചെയ്യുന്നു
ചെണ്ടച്ചരടുമുറുക്കുന്നു
മുണ്ടൊന്നരയിൽ കെട്ടുന്നു
ചെണ്ടക്കോലുകളെടുക്കുന്നു
താളത്തിൽ മേളത്തിൽ
മെല്ലെ മെല്ലെ തുടങ്ങുന്നു
അഞ്ചാളാ തഞ്ചത്തിൽ

ചിംചിം ചിഞ്ചില കൊട്ടുന്നു
രണ്ടാളാ കൂട്ടത്തിൽ
കണ്ടില്ലേ കുഴലൂതുന്നു
പെപ്പെപ്പെ......പെപ്പേ പ്പെ
പെപ്പെപ്പെ......പെപ്പേ പ്പെ......

## ആടിവാ തുമ്പി

അക്കരെ നിക്കണ വേങ്കാമരത്തിലെ
ഒന്നാം തുളസിമേൽ ആടിവാ തുമ്പി
ആടിവാ തുമ്പി അലഞ്ഞു വാ തുമ്പി
മൂളി വാ തുമ്പി നീ മുഴങ്ങി വാ തുമ്പി
ആളുകൾ പോരായോ
അലങ്കാരങ്ങൾ പോരായോ
ആടിവാ തുമ്പി നീ അലഞ്ഞുവാ തുമ്പി....
എന്തെന്റെ തുമ്പി നീ തുള്ളാതിരിക്കുന്നു
പൂവു പോരായോ പൂക്കുല പോരായോ
ആടിവാ തുമ്പി നീ അലഞ്ഞുവാ തുമ്പി....
എന്തെന്റെ തുമ്പി നീ തുള്ളാതിരിക്കുന്നു
പൂവു പോരായോ പൂക്കുല പോരായോ
ആളുകൾ പോരായോ
അലങ്കാരങ്ങൾ പോരായോ
ആടിവാ തുമ്പി നീ അലഞ്ഞുവാ തുമ്പി....
അലഞ്ഞുവാ തുമ്പി നീ മൂളി വാ തുമ്പി
മൂളി വാ തുമ്പി നീ മുഴങ്ങിവാ തുമ്പി !

## ഞാനും ചെറുപ്പത്തിൽ......

ഞാനൊരു വെള്ളരി നട്ടപ്പം
ആത്തേതും പൂത്തേതും വെണ്ടയ്ക്ക

പൂവെണ്ടയ്ക്ക പറിച്ചു വട്ടീലിട്ടപ്പം
വട്ടീല് കണ്ടത് കൊത്തച്ചക്ക
കൊത്തച്ചക്ക പറിച്ച് ഉപ്പേരി വച്ചപ്പം
കൊണ്ട് വെളമ്പ്യത് ചാമക്കഞ്ഞി
ചാമക്കഞ്ഞി കുടിച്ചാമോദം തീർത്തപ്പം
വയറ്റിൽ തടഞ്ഞത് കോയിക്കുഞ്ഞൻ
കോയിക്കുഞ്ഞൻ ചെറുപ്പത്തിൽ
കീയോ കീയോ.........
ഞാനും ചെറുപ്പത്തിൽ
കിള്ളേ കിള്ളേ.........

## തപ്പോ തപ്പോ തപ്പാണി

തപ്പോ തപ്പോ തപ്പാണി
തപ്പം കൊട്ടണ തപ്പാണി
തപ്പു കുടുക്കേലെന്തുണ്ട്
നാഴ്യരി മൂഴ്യരി ചോറുണ്ട്
നാണ്യമ്മ വച്ച കറിയുണ്ട്
നാണ്യാര് കാച്ചിയ മോരുണ്ട്
പിന്നെ വരുമ്പോളെന്തുണ്ട്
പിന്നെ വരുമ്പോളൊന്നൂല്ല്യ !

## കുടവയറാ

ഓണം വന്നു കുടവയറാ
ഓണ സദ്യയ്ക്കെന്തെല്ലാം
മത്തൻ കൊണ്ടൊരെരിശ്ശേരി
കുമ്പളങ്ങാ പുളിശ്ശേരി
കാച്ചിയമോര് നാരങ്ങാക്കറി

പച്ചടി കിച്ചടിയച്ചാറ്
പപ്പടമുണ്ട് പായസമുണ്ട്
ഉപ്പേരികളും പലതുണ്ട്....

## കുറുക്കന്റെ യാത്ര

വഴിയേ പോകണതാര് **?**
കൊച്ചു കുറുക്കന്റെച്ഛൻ
എന്തും ചുറ്റിപ്പോണ് **?**
പട്ടും ചുറ്റിപ്പോണ്
എന്തീക്കേറിപ്പോണ് **?**
മഞ്ചലുകേറിപ്പോണ്
മഞ്ചലുപ്പൊക്കാനാര് **?**
കാടൻ പൂച്ചകൾ നാല് **!**

## ഉപ്പേരി

നല്ലത് നല്ലത് കുട്ട്യോളേ
പയറിൻ പച്ചില ഉപ്പേരി
നല്ലത് നല്ലത് കുട്ട്യോളേ
തകരപ്പച്ചില ഉപ്പേരി
നല്ലത് നല്ലത് കുട്ട്യോളേ
മുരിങ്ങപ്പച്ചില ഉപ്പേരി
നല്ലത് നല്ലത് കുട്ട്യോളേ
ചീരപ്പച്ചില ഉപ്പേരി
നല്ലത് നല്ലത് കുട്ട്യോളേ
താളിൻ പച്ചില ഉപ്പേരി
നല്ലത് നല്ലത് കുട്ട്യോളേ
ചേനപ്പച്ചില ഉപ്പേരി **!**

## കൂട്ടിന്നിളം കിളി

ഒന്നാനാം കുന്നിൻമേൽ
ഓരടിക്കുന്നിന്മേൽ
ഓരായിരം കിളി കൂടുവച്ചു
കൂട്ടിന്നിളം കിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോല !

## അണ്ണാറക്കണ്ണാ

അണ്ണാറക്കണ്ണാ അണ്ണാറക്കണ്ണാ
നീയെവിടെപ്പോണു ?
കമ്മളെ വയലില് !
കമ്മള് കണ്ടാൽ തല്ലൂലേ ?
കൈതക്കുണ്ടിലൊളിക്കും
കൈത നിനക്കെന്തു തരും ?
ഒരു കൊത്ത് ചക്ക തരും ?
ചക്ക നീയെന്തു ചെയ്യും ?
കുരും ചൊളേം ഞാൻ തിന്നും
മടല് കിലാരി പയ്യിനു കൊടുക്കും
കിലാരി പയ്യ് നിനക്കെന്തു തരും ?
ഒരു കൊട്ട ചാണം തരും
ചാണം നീ എന്തുചെയ്യും ?
വെറ്റില കൊടിയ്ക്ക് നൽകും
വെറ്റിലക്കൊടി നിനക്കെന്തു തരും ?
ഒരു കെട്ട് വെറ്റില തരും
വെറ്റില നീ എന്തു ചെയ്യും ?
വെറ്റില ഞാൻ പീടികേൽ നൽകും
പീട്യേന്ന് നിനക്കെന്തുതരും ?
ഇരുന്നായി മുന്നായി നെല്ലു തരും
നെല്ല് നീ എന്തു ചെയ്യും ?

നെല്ല് ഞാൻ പാറേൽ കൊണ്ടുപോയി
ഒണക്കിക്കുത്തി കഞ്ഞിയാക്കും
അമ്മയ്ക്ക് അമ്മിത്തുമ്പത്തും
കുട്ട്യോക്ക് അടയ്ക്കാത്തൊണ്ടിലും
കലവും കൈയ്യിലും എനിക്കും

## കോഴി കൊത്തല്ലേ

രാരി തത്തമ്മേ
നിന്നെ കോഴി കൊത്തല്ലേ
കോഴി കോത്ത്യാലോ
നിന്റെ മാലപൊട്ടൂലേ
മാല പൊട്ട്യാലോ
നിന്നെ അമ്മ തല്ലൂലേ
അമ്മ തല്ല്യാലോ
നിന്നെ അച്ഛൻ കൊല്ലൂലേ
അച്ഛൻ കൊന്നാലോ
നിന്നെ വലിച്ചെറിയൂലേ
വലിച്ചെറിഞ്ഞാലോ
നിന്നെ ചിതലരിക്കൂലേ !

## അയ്യപ്പന്റമ്മ...

അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊത്തികടലിലിട്ടു
മുക്കുവപ്പിള്ളേരു മുങ്ങിയെടുത്തു
തട്ടാമ്പിള്ളേരു തട്ടിയെടുത്തു
വാണിയപ്പിള്ളേരു വാങ്ങിച്ചു തിന്നു
എനിക്കുമാത്രം കിട്ടീല !

## ചാഞ്ചാടുണ്ണീ ചരിഞ്ഞാട്

ചാഞ്ചാടുണ്ണി ചരിഞ്ഞാടുണ്ണീ
കുഴഞ്ഞാടുണ്ണീ ആടാട്...
ചാഞ്ചോ ചാഞ്ചോ
ചാഞ്ചക്കം മരം വെട്ടി
ചതുരത്തിൽ പടികൂട്ടി
ചാഞ്ചാടുണ്ണി ചരിഞ്ഞാടുണ്ണീ
കുഴഞ്ഞാടുണ്ണീ ആടാട്...

## കുഞ്ഞയ്യപ്പനാന വരുന്നേ

കുന്നിക്കോട്ടെ കുഞ്ഞയ്യപ്പൻ
കുഞ്ഞയ്യപ്പനാന വരുന്നേ
ആനവരുന്നേ ആന വരുന്നേ
കുഞ്ഞയ്യപ്പനാന വരുന്നേ
കലക്കവെള്ളോം തെറിത്തെറിച്ചേ
കൂവത്തണ്ടും വലിച്ചൊടിച്ചേ
ആനവരുന്നേ ആന വരുന്നേ
കുഞ്ഞയ്യപ്പനാന വരുന്നേ
കുഞ്ഞിക്കൈയ്യൊന്നുമുന്നിൽ ചവുട്ടി
കുഞ്ഞയ്യപ്പനാന വരുന്നേ
കൊച്ചു മുറം പോലെ ചെവിയൊന്നാട്ടി
കിണ്ണം പോലെ കണ്ണും കാട്ടി
കുഞ്ഞയ്യപ്പനാന വരുന്നേ
തട്ടപ്പൂ പോലെ വാലുമാട്ടി
കുഞ്ഞയ്യപ്പനാന വരുന്നേ
ആനവരുന്നേ ആന വരുന്നേ
കുഞ്ഞയ്യപ്പനാന വരുന്നേ !

## എന്റെ പയ്യിനെ കണ്ടെടോ

കാലീനെ നോക്കുന്ന കാലിയാൻമാരെടോ
എന്റോരു പയ്യിനെ കണ്ടെടോ കൂട്ടരേ ?
ഞാങ്ങളു കണ്ടില്ല നിങ്ങളെ പയ്യിനെ
നിങ്ങളെ പയ്യിനോ എന്തുണ്ടടയാളം ?
നെറ്റിക്ക് ചൊട്ടേണ്ട് പൂവാൽ കൊടിയുണ്ട്
നാൽക്കാൽ വളയുണ്ട് പള്ളയ്ക്ക് മറുകുണ്ട്
കണ്ടീനും കണ്ടീനും നിങ്ങളെ പയ്യിനെ
ഏടേടക്കണ്ടെത് കാലിയാൻമാരെടോ ?
കാവേരി മലമ്മേന്ന് പുല്ലും തിന്നിട്ട്
താമരക്കുളത്തീന്ന് വെള്ളോം കുടിച്ചിട്ട്
കാഞ്ഞിരത്തിൻ തണലിൽ കിടക്കുന്ന് കണ്ടീനും
ഒന്നാം വിളിക്കോള് പുല്ല് പറിക്കുന്ന്
രണ്ടാം വിളിക്കോള് ചെവിടോർത്ത് നിക്ക്ന്ന്
മൂന്നാം വിളിക്കോള് പാച്ചലേ പായുന്ന്
നാലാം വിളിക്കോള് അലേരെ വാതുക്ക
കുറ്റീം കയറുമെടുത്തല്ലോ ചീയോതി
പയ്യീനെ പിടിച്ചങ്ങ് കെട്ടുന്നല്ലോ
ആദ്യം കറന്ന പാലാരിക്ക് ചീയോതി ?
ആദ്യം കറന്ന പാൽ ഭൂമി ദേവിയമ്മെയ്ക്ക്
പിന്നെക്കറന്ന പാലാരിക്ക് ചീയോതി ?
പിന്നേം കറന്ന പാൽ ശ്രീകൃഷ്ണൻ കണ്ണൻ
പിന്നേം കറന്ന പാലാരിക്ക് ചീയോതി ?
പിന്നേം കറന്ന പാൽ കുഞ്ഞമ്പു തമ്പ്രാന്
കാച്ചിക്കുറുക്ക്യമ്മ എന്തി തണിച്ചല്ലോ
വയറ് നിറയോളം പാലു കൊടുത്തല്ലോ
ഇച്ചാലിലോമന പട്ടും വിരിച്ചിട്ട്
ഇച്ചാലിൽ പാടി വളരണേ കുഞ്ഞമ്പു....

## പൂമരത്തിന്റെ ചോടെ

ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടാ ?
ആരാനുമല്ല കൂരാനുമല്ല
കുറ്റിക്കാട്ടുണ്ണി കുറുമ്പുണ്ണി !

## പാടാം

ഞാനൊരു പാട്ടു പഠിച്ചിട്ടുണ്ട്
കൈതക്കുണ്ടിൽ വച്ചിട്ടുണ്ട്
അപ്പം തന്നാലിപ്പം പാടാം
ശർക്കര തന്നാൽ നാളേം പാടാം

## ചെപ്പോ ചെപ്പോ കണ്ണാടി

ചെപ്പോ ചെപ്പോ കണ്ണാടി
ചെപ്പുകുടുക്കേലെന്തുണ്ട് ?
മുത്തശ്ശി തന്നൊരു മുത്തുണ്ട്
മുത്തിനു മുങ്ങാൻ തേനുണ്ട്
തേൻകുടിക്കാൻ വണ്ടുണ്ട്
വണ്ടിരിക്കാൻ പൂവുണ്ട്
പൂവു ചൂടാനമ്മയുണ്ട്
അമ്മയ്ക്കേടുക്കാൻ കുഞ്ഞുണ്ട്
കുഞ്ഞിനു കുടിക്കാനമ്മിഞ്ഞ
ചെപ്പോ ചെപ്പോ കണ്ണാടി

## കാരിച്ചികാക്കേ

ക കാ കാരിച്ചി കാക്കേ
കൂ കൂ കൂടേടെ വെച്ചു നീ ?

തെ തേ തെങ്ങിൽ വെച്ചു ഞാൻ
ക കാ കാരിച്ചി കാക്കേ
തെ തേ തെങ്ങിൻമേൽക്കേറുന്ന
ചെ ചെ ചെക്കനെടുത്തിട്ട്
തോ തോ തോട്ടിൽക്കളഞ്ഞു
ക കാ കാരിച്ചി കാക്കേ
കാ കാ കഷ്ടം കാക്കേ !

## കാക്കേ കാക്കേ !

കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ ?
കുഞ്ഞിനു തീറ്റ കൊടുക്കാഞ്ഞാൽ
കുഞ്ഞു കിടന്നു കരഞ്ഞീടും
കുഞ്ഞേ കുഞ്ഞേ നീ തരുമോ
നിന്നുടെ കൈയ്യിലെ നെയ്യപ്പം ?
ഇല്ല തരില്ലീനെയ്യപ്പം
അയ്യോ കാക്കേ പറ്റിച്ചേ !

## മാണിക്ക്യച്ചെമ്പഴുക്കാ

ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്ക്യച്ചെമ്പഴുക്കാ
തൊട്ടതറിയാതെ
മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ വലങ്കയ്യിലോ
മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ ഇടങ്കയ്യിലോ
മാണിക്ക്യച്ചെമ്പഴുക്കാ
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്ക്യച്ചെമ്പഴുക്കാ
ഒന്നു വലത്തു വന്നേ
മാണിക്ക്യച്ചെമ്പഴുക്കാ
തൊട്ടതറിഞ്ഞില്ലേ

മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ വലങ്കയ്യിലേ
മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ ഇടങ്കയ്യിലേ
മാണിക്ക്യച്ചെമ്പഴുക്കാ
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്ക്യച്ചെമ്പഴുക്കാ
രണ്ടു വലത്തു വന്നേ
മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ വലങ്കയ്യിലേ
മാണിക്ക്യച്ചെമ്പഴുക്കാ
എന്റെ ഇടങ്കയ്യിലേ
മാണിക്ക്യച്ചെമ്പഴുക്കാ
മൂന്നു വലത്തു വന്നേ
മാണിക്ക്യച്ചെമ്പഴുക്കാ
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്ക്യച്ചെമ്പഴുക്കാ !

## തീ

അയ്യെട മനമേ
തീപ്പെട്ടിക്കോലേ
ഉരയ്ക്കുമ്പം കത്തും
തീ...തീ...തീ
കത്തുമ്പം കാണാം
കത്തുമ്പം കാണാം
തീ...തീ.......തീ

## അണ്ണാറക്കണ്ണാ തൊണ്ണൂറ് വാലാ...

കാക്ക : അണ്ണാറക്കണ്ണാ തൊണ്ണൂറ് വാലാ
മാങ്ങേടണ്ടി കടം തരുമോ ?
അണ്ണാൻ ; കാരിച്ചികാക്കേ കരിങ്കണ്ണിയേ
വേനലും വർഷവുമെന്നുമുണ്ട്

ഉള്ളോരു കാലത്ത് സൂക്ഷിച്ചുവെച്ചാൽ
വല്ലാത്ത പൊല്ലാപ്പാകില്ല ചങ്ങാതി

(ഈ പാട്ടിന് ഏറെ പാഠഭേദങ്ങളുണ്ട്)

**മഴയതാ പെയ്യുണ്!**

മഴയതാ പെയ്യുണ്
ഇടിയതാ വെട്ടുണ്
മിന്നല് മിന്ന്ണ്
കാറ്റതാ വീശ്ണ്
ചങ്കരന്റോളതാ
തിയ്യും കൊണ്ടോട്ണ്
ചങ്കരനുറികെട്ടി
തവളയ്ക്കു മണികെട്ടി
ചങ്കരന്റോളൊരു
പെൺകൊരങ്ങ്!

**പൊന്നോല**

അങ്ങേക്കൊമ്പിലെ കാക്കച്ചിപ്പെണ്ണിന്
കാതിലണിയാൻ പൊന്നോല
കാപ്പും വളയും കാലിൽ തളയും
കാണാൻ ചെന്നപ്പം തെങ്ങോല!

**ആലങ്ങാട്ടെ മൂര്യല്ലേ....**

ആരാതാ പോകുന്നു?
ആലങ്ങാട്ടെ മൂര്യല്ലേ
മൂര്യാണേൽ കുത്തൂലേ?
കുത്തുന്നത് തേളല്ലേ
തേളാണേൽ കടയൂലേ?
കടയുന്നത് മോരല്ലേ
മോരാണേൽ പുളിക്കൂലേ?
പുളിക്കുന്നത് പുളിങ്ങ്യല്ലേ

പുളിങ്ങ്യാണേൽ തൂങ്ങൂലേ?
തൂങ്ങുന്നത് വാവലല്ലേ!

**ബൌ ബൌ**

സെയ്യ് സെയ്യ് സെയിനബാ
ബസ്സിൽ കേറി വള കിലുക്കി
എന്ത് വള?
കുപ്പി വള
എന്ത് കുപ്പി?
സോഡ കുപ്പി
എന്ത് സോഡ?
അപ്പ സോഡ
എന്തപ്പം?
നെയ്യപ്പം
എന്ത് നെയ്യ്?
പാൽ നെയ്യ്
എന്ത് പാൽ?
ആട്ടിൻ പാൽ
എന്താട്?
കോലാട്
എന്ത് കോല്?
ചെണ്ടക്കോല്
എന്ത് ചെണ്ട?
മരച്ചെണ്ട
എന്ത് മരം?
വീട്ടി മരം
എന്ത് വീട്ടി?
കടം വീട്ടി
എന്ത് കടം?
പൈസാ കടം
എന്ത് പൈസാ?
നായാ പൈസാ

എന്ത് നായാ?
പോലീസ് നായ
ബൌ ബൌ...
ബൌ ബൌ...

## പയ്യെപ്പയ്യെ നടന്നു വരുമ്പോൾ

തയ്യൽക്കാരൻ കുഞ്ഞയ്യപ്പൻ
മയ്യഴി കാണാൻ തയ്യാറായി
പയ്യെ പയ്യെ കയ്യും വീശി
പയ്യനുമൊത്തു വരുന്നതുകണ്ടോ
പയ്യെപ്പയ്യെ നടന്നുവരുമ്പോൾ
അയ്യോ പാവം കുഴിയിൽ വീണു!

## ആരുമില്ല

അമ്പലത്തിലെ ദേവി
ദേവീന്റെ കയ്യിൽ കുട്ടി
കുട്ടീന്റെ കയ്യില് തോക്ക്
തോക്കിന്റുള്ളിൽ കള്ളൻ
കള്ളനെ പിടിക്കാൻ പോലീസ്
പോലീസിനെ പിടിക്കാൻ വക്കീല്
വക്കീലിനെ പിടിക്കാൻ ദൈവം
ദൈവത്തെ പിടിക്കാൻ ആരുമില്ല

## പായസം വെച്ച്

മുത്തിയമ്മ മുട്ടയിട്ട്
മുട്ടതോണ്ടി തോട്ടിലിട്ട്
തോട്ടിലാകെ കൈതവന്ന്
പയ്യ് വന്ന് കൈത തിന്ന്
കയ്യ് നിറയെ പാല് തന്ന്
പാല് കൊണ്ട് പായസം വെച്ച്...

## ചക്കക്കുരുവും ചങ്കരൻ പിള്ളയും
ചങ്കരൻ പിള്ളയ്ക്കു
മക്കളില്ലാഞ്ഞിട്ട്
ചക്കക്കുരുവിനെ ദത്തെടുത്തു
ചങ്കരൻ പിള്ളയ്ക്കു
മക്കളുണ്ടായപ്പം
ചക്കക്കുരുവിനെ ചുട്ടു തിന്നു!

## തീവണ്ടി ലേ പായുന്നേ
ലല്ല ലല്ല ലല്ലല്ല
ലല്ല ലല്ല വച്ചുംകൊണ്ട്
ലല്ല ലല്ല ലല്ലല്ല
തീവണ്ടീലേ പായുന്നേ
അഞ്ചിലും മുമ്പിലും
വണ്ടിയും മുമ്പിലേ
കൂട്ടിക്കൊളുത്തി വിട്ടിട്ട്
തീവണ്ടീലേ പായുന്നേ!

## തൊണ്ണൂറുമുക്കാ
അണ്ണാറക്കണ്ണാ തൊണ്ണൂറുമുക്കാ
എനിക്കൊരു മാമ്പഴം കടം തരുമോ?
കാക്കച്ചുണ്ടി കരിഞ്ചുണ്ടി
കർക്കടം വന്നതറിഞ്ഞില്ലേ?

## കേ ചീ ത്ഫു
കേ.......ചീ........ത്ഫു........
കേ.......ചീ.......ത്ഫു.........
കണ്യാത്തുണ്യാമ്മേ
ഞാനൊരു പാമ്പിനെ കണ്ടു
പാമ്പ് പടം വിരിച്ച്
കേ.......ചീ........ത്ഫു........

കേ.......ചീ.......ത്ഫു.........

## എന്നാലരികെ വന്നാലും

കുട്ടി ; വള്ളി വള്ളീ ഞാനൊരു
പൂനുള്ളാമോ നീ ചൊല്ലൂ?
വള്ളി ; അയ്യോ കുട്ടി നുള്ളല്ലേ
മെയ്യിൽ വേദനയുണ്ടാമേ...
കുട്ടി ; ഇല്ല വേദനയാവില്ല
മെല്ലെ പുഷ്പമറുത്തോളാം
വള്ളി ; വേണ്ടാ വേണ്ടാ കുഞ്ഞേയെൻ
കുഞ്ഞുകളല്ലോ കുസുമങ്ങൾ!
കുട്ടി ; കുഞ്ഞുകളനവധിയുണ്ടല്ലോ
തന്നാലൊന്നിനെ നോക്കാം ഞാൻ
വള്ളി ; തന്നാൽ നന്നായ് നോക്കില്ല
നുള്ളും മണ്ണിലെറിഞ്ഞീടും
കള്ളക്കുട്ടി പോ പോ പോ
കൈ വെക്കരുതെൻ കുഞ്ഞിന്മേൽ!
കുട്ടി ; നുള്ളുകയില്ല തല്ലില്ല
കല്ലില്ലും മുള്ളിലുമെറിയില്ല
തലയിൽ നിന്നൊരു നേരത്തും
താഴത്തുണ്ണിയെ വെക്കില്ല
വള്ളി ; എന്നാലരികെ വന്നാലും
തന്നീടാമൊരു കുഞ്ഞിനെ ഞാൻ!

## തത്തമ്മക്കിളിയേ

ഒന്നാം തത്തേ തത്തമ്മേക്കിളിയേ
നീയെന്റെ മകളെങ്കിപ്പോരോയെന്റരികെ
തിന്നാൻ തിനയൊണ്ടു വരിനെല്ലിന്റവലുണ്ടു
കുളിക്കാൻ കുളമൊണ്ടു
കുറുന്തോട്ടി വേരുണ്ടു
കളിപ്പാൻ കളമൊണ്ടു കിടപ്പാൻ കൂടൊണ്ടു
നീയെന്റെ മകളെങ്കിപ്പോരോയെന്റരികെ

## പത്താമൻ പത്തായം

ഒന്നാമൻ കന്നിനെ മേച്ചു
രണ്ടാമൻ ചെണ്ട കൊട്ടി
മൂന്നാമൻ മുത്ത് വാരി
നാലാമൻ നാണം കൊണ്ടു
അഞ്ചാമൻ പുഞ്ച വിതച്ചു
ആറാമൻ ആർപ്പുവിളിച്ചു
ഏഴാമൻ ഏഴില്ലം കെട്ടി
എട്ടാമൻ കൊട്ടാരം കെട്ടി
ഒമ്പതാമൻ അമ്പലം കെട്ടി
പത്താമൻ പത്തായം തീർത്തു.

## കുഞ്ഞികുഞ്ഞിക്കുറുക്കാ

കുഞ്ഞികുഞ്ഞിക്കുറുക്കാ
നിനക്കെന്തു ബെര്ത്തം?
എനിക്കെന്റേട്ടോ
തലക്കുത്തപ്പനിയും
പറപറ തൂറലും
അതിനെന്തു ബൈഥ്യം?
കുഞ്ഞികുഞ്ഞിക്കുറുക്കാ
അതിനുള്ള ബൈഥ്യം
നട്ടീപ്പോണം
കക്കിരിക്ക പറിക്കണം
കറുമുറ തിന്നണം
പാറമ്മ പോണം
പറ പറ തൂറണം
കൂക്കി വിളിക്കണം
കൂ...കൂ...കൂയ്....

[ ബെര്ത്തം - അസുഖം , ബൈഥ്യം - വൈദ്യം ]

**അമ്മേടോമന കൈവീശ്**

ആഴീ തോഴീ കൈവീശ്
അപ്പം തിന്നാൻ കൈവീശ്
ആടയുടുക്കാൻ കൈവീശ്
അച്ഛനെടുക്കാൻ കൈവീശ്
അമ്മയെടുക്കാൻ കൈവീശ്
മുത്തം ചാർത്താൻ കൈവീശ്
പിച്ച നടക്കാൻ കൈവീശ്
പീപ്പിയെടുക്കാൻ കൈവീശ്
ആഴീ തോഴീ കൈവീശ്
അമ്മേടോമന കൈവീശ്

**അണ്ണാക്കൊട്ടന്റെ കല്ല്യാണം**

വെയിലും മഴയും വര്ണുണ്ടേ
അണ്ണാക്കൊട്ടന്റെ കല്ല്യാണം
വെറ്റില മുറുക്കി തുപ്പിക്കോ
സദ്യവട്ടമൊരുക്കിക്കോ........